വീടുകളിൽ നിരീക്ഷണത്തിലുള്ളവരുടെ
വിവരങ്ങൾ ശേഖരിക്കാനുള്ള സംവിധാനം

വീടുകളിൽ നിരീക്ഷണത്തിലുള്ളവരുടെ വിവരങ്ങൾ ശേഖരിക്കാനായി കൺട്രോൾ റൂമിൽ വിപുലമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. നിരീക്ഷണത്തിലുള്ളവരെ മൂന്നു ദിവസത്തിൽ ഒരിക്കൽ കൺട്രോൾറൂമിലുള്ള സ്കൂൾ ഓഫ് നഴ്സിംഗ് വിദ്യാർത്ഥികൾ നേരിട്ട് വിളിച്ച് വിവരങ്ങൾ അറിയുന്നുണ്ട്.

ഓട്ടോമേറ്റഡ് ഐ വി ആർ സംവിധാനം

ഇതിനുപുറമേ, ഓട്ടോമേറ്റഡ് ഐവിആർ സംവിധാനം മുഖേന , ഒരാൾ നിരീക്ഷണത്തിലാകുന്നതു മുതൽ 14 ദിവസം തുടർച്ചയായി ഫോണിലൂടെ ബന്ധപ്പെടും. 0484 7136828 എന്ന നമ്പറിൽ നിന്നാണ് കോളുകൾ വിളിക്കുന്നത്. ഏതെങ്കിലും സാഹചര്യത്തിൽ കോൾ അറ്റൻഡ് ചെയ്യുവാൻ സാധിക്കുന്നില്ലായെങ്കിൽ അതേ നമ്പറിലേക്ക് തിരിച്ചു വിളിച്ചും നിരീക്ഷണത്തിലുള്ളവർക്ക് മറുപടി രേഖപ്പെടുത്താവുന്നതാണ്.

ഇതിൽ ചോദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടിയായി അക്കങ്ങൾ അമർത്തിയാൽ മതിയാകും. ചോദ്യങ്ങൾ ഇവയാണ്

1. ചെറിയ തോതിൽ മാത്രം പനി, ജലദോഷം, തൊണ്ടവേദന, ചുമ, ഇവയിലേതെങ്കിലുമൊന്നോ ഒന്നിൽ കൂടുതലോ അനുഭവപ്പെടുന്നുണ്ടെങ്കിൽ ഒന്ന് അമർത്തുക.
2. ശക്തമായ പനി, ശരീരം വേദന, ചുമ, എന്നിവയിൽ ഏതെങ്കിലും ഉണ്ടെങ്കിൽ രണ്ടു അമർത്തുക.
3. മേൽപ്പറഞ്ഞ ലക്ഷണങ്ങൾക്കൊപ്പമോ അല്ലാതെയോ ശ്വാസതടസ്സം, ചുമച്ചു തുപ്പുന്ന രക്തത്തിന്റെ അംശം, നെഞ്ചുവേദന എന്നിവയിൽ ഏതെങ്കിലും ഉണ്ടെങ്കിൽ മൂന്ന് അമർത്തുക.
4. മേൽപ്പറഞ്ഞത് അല്ലാതെ എന്തെങ്കിലും അസുഖം ലക്ഷണം ഉള്ളവർ നാല് അമർത്തുക
5. ഒരു ലക്ഷണവും ഇല്ലെങ്കിൽ അഞ്ചു അമർത്തുക.
6 മേല്പറഞ്ഞ ഓപ്ഷൻസ് വീണ്ടും കേൾക്കാനായി പൂജ്യം അമർത്തിയാൽ മതിയാകും.

ഇങ്ങനെ ഓൺലൈൻ സംവിധാനങ്ങളുടെ അടിസ്ഥാനത്തിൽ വീടുകളിൽ നിരീക്ഷണത്തിലുള്ളവരുടെ മറുപടികൾ രേഖപ്പെടുത്തുകയും ആരോഗ്യ വകുപ്പ് ഓരോന്നും പരിശോധിക്കുകയും ചെയ്യും.

ഇത്തരം കോളുകൾക്ക് മറുപടി തന്നാൽ മാത്രമേ കൃത്യമായ വിവരശേഖരണവും നിരീക്ഷണത്തിലിരിക്കുന്നവരുടെ ആരോഗ്യസ്ഥിതി അനുസരിച്ച് അവശ്യ

നിർദേശങ്ങൾ നലകാനും പറ്റുകയുള്ളൂ .

രോഗ ലക്ഷണങ്ങൾ കൂടുതലുള്ളവരെ കൺട്രോൾ സെല്ലിൽ നിന്നും തിരിച്ച് വിളിക്കും. അവർക്ക് വേണ്ട വൈദ്യ സഹായം അടക്കമുള്ളവ ഓൺലൈൻ ഡോക്ടർ സംവിധാനം വഴി നൽകും .

നിരീക്ഷണത്തിലുള്ളവരുടെ വിവരങ്ങൾ ഒരു കുടക്കീഴിലാക്കി, സേവനങ്ങൾ വേഗത്തിലാക്കാനുള്ള ഈ സംവിധാനം ഒരുക്കിയിരിക്കുന്നത് കോറോണ കെയർ എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് .

എല്ലാ രോഗികളുടെ ഫോൺ നമ്പറും അവരുടെ ആരോഗ്യ സ്ഥിതിയും ഓരോ ദിവസവും അതിൽ രേഖപെടുത്തിയിട്ടുണ്ട്. എത്ര പേര് ഫോൺ അറ്റന്റ് ചെയ്തു, ഇവരിൽ എത്രപേർ ചോദ്യങ്ങൾക്ക് മറുപടി നൽകി, അതിൽ എത്ര പേർക്ക് രോഗ ലക്ഷണം ഉണ്ട് തുടങ്ങിയ വിവരങ്ങളും ലഭിക്കും. ഒരോ വ്യക്തിയുടെയും ആരോഗ്യസ്ഥിതി സംബന്ധിച്ച വിവരങ്ങൾ തുടർ പ്രതിരോധനടപടികൾ സ്വീകരിക്കാൻ അത്യന്താപേക്ഷിതമാണ്.